



# മയക്കമരുന്നുമായി യുവാവ് പിടിയിൽ

സിന്തറ്റിക് വിഭാഗത്തിൽ ഉൾപ്പെട്ട മാരക മയക്കമരുന്നുമായി യുവാവിനെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും , ടൗൺ നോർത്ത് പോലീസും ചേർന്ന് നടത്തിയ വാഹന പരിശോധനയിൽ പിടികൂടി. പാലക്കാട് , മുത്താൻതറ സ്വദേശി 'കിളി' എന്ന ശ്രീകുമാർ , വ:25 ആണ് അറസ്റ്റിലായത്. ടിയാന്റെ ശരീരത്തിൽ , പൗച്ചിലാക്കി ഒളിപ്പിച്ച് വെച്ച നിലയിൽ 1.5 ഗ്രാം MDMA കണ്ടെത്തിയത്. കോയമ്പത്തൂരുള്ള ഏജന്റെ മുഖേന യാണ് ശ്രീകുമാറിന് മയക്കമരുന്ന് ലഭിച്ചത്. ഗ്രാമിന് 4000 രൂപയാണ് വില.

## മയക്കുമരുന്നുമായി 'കിളി' പിടിയിൽ

**പാലക്കാട്►** സിന്തറ്റിക് വിഭാഗത്തിൽപ്പെട്ട മാരക മയക്കുമരുന്നായ എം.ഡി.എം.എ.യുമായി യുവാവ് അറസ്റ്റിൽ. പാലക്കാട് മൂത്താൻതറ സ്വദേശി ശ്രീകുമാറിനെയാണ് (25) ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡും ടൗൺ നോർത്ത് പോലീസും ചേർന്ന് പിടികൂടിയത്. 'കിളി'യെന്ന പേരിലാണ് ഇയാൾ അറിയപ്പെടുന്നതെന്ന് പോലീസ് പറഞ്ഞു.

ചൊവ്വാഴ്ച ഉച്ചയ്ക്ക് ഒലവക്കോട് വെച്ച് ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന യുവാവിനെ തടഞ്ഞുനിർത്തി പരിശോധിച്ചപ്പോഴാണ് ശരീരത്തിൽ പൗച്ചിലാക്കി ഒളിപ്പിച്ചുവെച്ച നിലയിൽ 1.5 ഗ്രാം എം.ഡി.എം.എ. കണ്ടെത്തിയത്. കോയമ്പത്തൂരിലുള്ള ഏജന്റ് മുഖേനയാണ് മയക്കുമരുന്ന് ലഭിച്ചതെന്ന് യുവാവ് പോലീസിനോട് പറഞ്ഞു. ഗ്രാമിന് 4,000 രൂപ വിലയുള്ള മയക്കുമരുന്നാണിത്. മയക്കുമരുന്ന് ഇയാൾ മറ്റു പലർക്കും വിറ്റതായും സൂചനയുണ്ട്. ജില്ലാപോലീസ് മേധാവി ജി. ശിവവിക്രത്തിന്റെ നിർദേശത്തെത്തുടർന്ന് നാർകോട്ടിക് സെൽ ഡിവൈ.എസ്.പി. സി.ഡി. ശ്രീനിവാസന്റെ നേതൃത്വത്തിലായിരുന്നു പരിശോധന.

ശ്രീകുമാർ

ടൗൺ നോർത്ത് എസ്.ഐ. സുധീഷ് കുമാർ, എ.എസ്.ഐ. നന്ദകുമാർ, എസ്.സി.പി.ഒ. സുമേഷ്, സി.പി.ഒ. സന്തോഷ് കുമാർ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ആർ. കിഷോർ, കെ. അഹമ്മദ് കബീർ, ആർ. വിനീഷ്, ആർ. രാജീദ്, എസ്. ഷമീർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

സംസ്ഥാന പോലീസ് മേധാവിയുടെ  **മേൽനോട്ടത്തിൽ** **ജില്ലാടിസ്ഥാനത്തിൽ** രൂപീകരിച്ച ഡാൻസാഫ്  സ്ക്വാഡിൻെറ **നേതൃത്വത്തിൽ** നടത്തിവരുന്ന പ്രത്യേക ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്. പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം  IPSൻെറ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് **സെൽ** DySP. C.D. ശ്രീനിവാസൻെറ നേതൃത്വത്തിലാണ്  പരിശോധന നടത്തിയത്.

പാലക്കാട്  **ടൗൺ** നോർത്ത് സബ് **ഇൻസ്പെക്ടർ** സുധീഷ് കുമാർ, ASI നന്ദകുമാർ, SCPO സുമേഷ്, CPO സന്തോഷ് കുമാർ , ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

..........................................................................................................................

